# കേരള കാർഷിക സർവകലാശാല വാർത്തകൾ

## (നവംബർ 23 – 29, 2018)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
e-mail: ccmannuthy@kau.in, Phone:0487-2370773)

**No. C3/5/2018 - 49** **Dt. 22 .11. 2018**

## ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

നെൽപ്പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ശല്യം കണ്ടു തുടങ്ങുമ്പോൾ പാടത്ത് വെള്ളം കയറ്റി നിർത്തുക. കളനാശിനി അടിക്കുന്ന പാടങ്ങൾ ഉണങ്ങി വിണ്ടു കീറാതെ സൂക്ഷിക്കുക. 48 മണിക്കൂറിനകം വെള്ളം കയറ്റേണ്ടതാണ്. പാടവരമ്പുകളിലെ പുല്ലുവർഗ്ഗങ്ങളിൽ പുഴുക്കളോ മുട്ടകളോ കാണുന്നുണ്ടെങ്കിൽ കീടനാശിനികൾ തളിച്ച് അവയുടെ വർദ്ധന തടയുക.

പ്രാഥമിക മുഞ്ഞബാധക്കു പ്രതിവിധിയായി പാടത്തെ വെള്ളം വാർത്തു കളഞ്ഞശേഷം ഒരു ലിറ്റർ വെള്ളത്തിൽ രണ്ടു മില്ലി വീതം വേപ്പിൻസത്തടങ്ങിയ ജൈവകീടനാശിനി കരിച്ചിൽ കാണുന്ന ഭാഗങ്ങളും കടയും നനയത്തക്ക വിധം തളിക്കണം. പാടവരമ്പുകളിൽ ആഴി കൂട്ടുക, വിളക്കു കെണി വെക്കുക, പന്തം കത്തിച്ചു വെക്കുക എന്നീ മാർഗ്ഗങ്ങൾ മുഞ്ഞയെ നശിപ്പിക്കാനുതകും. മുഞ്ഞബാധ രൂക്ഷമായ പാടങ്ങളിൽ സർവ്വകലാശാല ശുപാർശ ചെയ്യുന്ന രാസകീടനാശിനികൾ കൃത്യമായ അളവിൽ ഉപയോഗിക്കണം.

നെല്ലിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കുന്നതിനാവി,

- പാടത്ത് കുറഞ്ഞത് 24 മണിക്കൂറെങ്കിലും വെള്ളം കെട്ടി നിർത്തുക.
- നെൽ ചെടികളിലും പാടത്തിന്റെ വരമ്പുകളിലും കളകളിലും 3 മി.ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെളളത്തിൽ എന്ന തോതിൽ നന്നായി തളിക്കുക.
- വരമ്പിലും കളകളിലും ക്വിനാൽഫോസ് എന്ന കീടനാശിനി 2 മില്ലി ലിറ്റർ ഒരു ലിറ്റർ വെളളത്തിൽ ലയിപ്പിച്ച് തളിക്കുക.
- നടീൽ കഴിഞ്ഞിട്ടില്ലാത്ത പാടങ്ങളിൽ ക്ലോറാൻട്രനിലിപ്രോൾ തരികൾ 4 കി.ഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ വളത്തോടൊപ്പം ചേർത്ത് കൊടുക്കുക.
- പാടവരമ്പും ചുറ്റുപാടുകളും കള വിമുക്തമാക്കുക.

പച്ചക്കറികളിൽ രാസകീടനാശിനി പ്രയോഗം കഴിവതും ഒഴിവാക്കണം. ജൈവകീടനാശിനികളായ മണ്ണെണ്ണക്കുഴമ്പ്, വേപ്പെണ്ണ ഇമൽഷൻ, വേപ്പെണ്ണ–വെളുത്തുള്ളി മിശിതം തുടങ്ങിയവ ഇലതീനിപ്പുഴുക്കൾ, വെള്ളീച്ച, പയറിലെ മുഞ്ഞ, ചിത്രകീടം ഇവയെ നിയന്ത്രിക്കാൻ ഫലപ്രദമാണ്. കൂടാതെ, കായീച്ച കെണികൾ, പാളയംകോടൻ പഴക്കെണി എന്നിവ ഉപയോഗിച്ചും കീടങ്ങളെ ആകർഷിച്ച് നശിപ്പിക്കാം. പുഴുക്കളുടെ ശലഭങ്ങളെ ആകർഷിച്ച് നശിപ്പിക്കുന്നതിന് വൈകുന്നേരങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും തീയിടുന്നതും പന്തം കൊളുത്തി വെക്കുന്നതും ഫലപ്രദമാണ്.

പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുളള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 3 മി.ലി ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

ചെടികളിൽ കാണപ്പെടുന്ന വെളുത്ത പഞ്ഞി പോലെയുള്ള മീലിമൂട്ട, പരന്ന ആകൃതിയിലുള്ള ശല്ക്ക കീടങ്ങൾ എന്നിവയെ ജൈവികമായി നിയന്ത്രിക്കുന്നതിന്

വെർട്ടിസീലിയം എന്ന കുമിളും ഇലതീനിപ്പുഴുക്കൾക്കെതിരെ ബ്യൂവേറിയ ബാസിയാന എന്ന കുമിളും, 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കണം.

ശീതകാല പച്ചക്കറികൾ നട്ട് ഒരു മാസം പ്രായമാകുമ്പോൾ മുതൽ വേപ്പിൻസത്തടങ്ങിയ കീടനാശിനി രൂപികകൾ ആഴ്ചയിലൊരിക്കൽ തളിച്ചു കൊടുക്കുന്നതു വഴി പുഴുക്കളെ നിയന്ത്രിക്കാം.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെളളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെളളത്തിൽ കലക്കി തളിക്കുക.

തെങ്ങിന്റെ മണ്ടരി ബാധ കണ്ടുതുടങ്ങുന്ന സമയമാണ്. പ്രതിവിധിയായി 1% വേപ്പിൻസത്തടങ്ങിയ കീടനാശിനികൾ 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇളം കുലകളിൽ തളിക്കുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം സോപ്പുമായി ചേർത്ത് ലായനിയാക്കി തളിക്കാവുന്നതുമാണ്. 20 മില്ലി വേപ്പെണ്ണ, 20 ഗ്രാം വെളുത്തുള്ളിയുടെ നീര്, 5 ഗ്രാം സോപ്പ് ഒരു ലിറ്ററിൽ എന്നതാണ് തോത്.

മാവിന്റെ കായീച്ചകളെ നിയന്ത്രിക്കുന്നതിന് ഫെറമോൺ കെണി മാവ് പൂത്ത് കഴിയുമ്പോൾ മുതൽ വയ്ക്കുക. ഒരു കെണി ഉപയോഗിച്ച് മൂന്ന് മുതൽ നാല് മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം അഴുകിയ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ടക്കെണികളിൽ 2 മില്ലി മാലത്തിയോൺ ഒരു കിലോ മിശിതത്തിന് എന്ന അളവിൽ ഉപയോഗിക്കുന്നത് ഗുണം ചെയ്യും. ഒരേക്കർ മാവിൻതോട്ടത്തിന് ചുരുങ്ങിയത് അഞ്ചെണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. കൊഴിഞ്ഞു വീഴുന്ന കണ്ണിമാങ്ങകൾ പെറുക്കിയെടുത്ത് നശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കാർഷിക സർവ്വകലാശാലയുടെ ത്രൈമാസികയായ കല്പധേനുവും ജൈവ വിളപരിപാലന ശുപാർശകൾ (Organic PoP) യും വില്പനയ്ക്കുണ്ട്. കല്പധേനു മാസികയുടെ വരിക്കാർ ആവാൻ താൽപര്യമുള്ളവർ 9447789728 / 9605612478 എന്ന നമ്പറിൽ ബന്ധപ്പെടേതാണ്.

2. കേരള കാർഷിക സർവ്വകലാശാല, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആടുവളർത്തൽ എന്ന വിഷയത്തിൽ ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. 500/- രൂപ രജിസ്ട്രേഷൻ ഫീസോടെ 2018 നവംബർ 27 തീയ്യതി കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. 0487–2370773

ഒപ്പ്/-
പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ